DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15-10-2018

കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ വിവിധ ഇനങ്ങളിലുള്ള തൈകൾ ലഭ്യമാണ്. ആകാശ വെള്ളരിയുടെ തൈകൾക്ക് 25 രൂപ, കരിമുണ്ട ഇനത്തിലുള്ള കുരുമുളക് വള്ളികൾക്ക് 8 രൂപ, ഗ്രോബാഗിലുള്ള കുറ്റികുരുമുളക് തൈകൾക്ക് 150 രൂപ, മംഗള അടയ്ക്ക തൈകൾക്ക് 20 രൂപ, കറിവേപ്പില തൈകൾക്ക് 15 രൂപ എന്നീ നിരക്കുകളിൽ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2530035 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. ഈ മാസം 30,31 തീയതികളിൽ മുട്ടക്കോഴി വളർത്തലിൽ പരിശീലനം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471–2732918 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

പത്തനംതിട്ട ജില്ലയിലെ നിരണം ഡക്ക് ഫാമിൽ താറാവിൻ വളം ഒരു കിലോഗ്രാമിന് 1 രൂപ 50 പൈസ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0469–2711898 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

റാന്നി - പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2018-19 പ്രകാരം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർ ഈ മാസം 20 നകം കരം തീർത്ത രസീത്, ആധാർ, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുമായി കൃഷി ഭവനിൽ അപേക്ഷകൾ നല്കണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## തൃക്കടവൂർ കൃഷി ഭവൻ അറിയിപ്പ്

കൊല്ലം കോർപ്പറേഷൻ തൃക്കടവൂർ കൃഷി ഭവനിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം കാർഷിക വികസന പദ്ധതികൾക്ക് അപേക്ഷ നൽകിയിട്ടുള്ള കർഷകർ ഗുഭോക്തൃ വിഹിതം ഒക്ടോബർ 20 നു മുൻപ് കൃഷി ഭവനിൽ അടയ്ക്കണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## തിരുവല്ലം കൃഷി ഭവൻ അറിയിപ്പ്

തിരുവല്ലം കൃഷി ഭവനുകീഴിൽ ഉൾപ്പെടുന്ന എല്ലാ കേരകർഷകരും കേരഗ്രാമം പദ്ധതിയിൽ ചേരുന്നതിനുള്ള അപേക്ഷ എത്രയും വേഗം കൃഷി ഭവനിൽ നൽകണമെന്ന് തിരുവല്ലം കൃഷി ഓഫീസർ അറിയിക്കുന്നു. ഒരു തെങ്ങ് ഉള്ള കർഷകർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2381822 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

# സ്റ്റൈപ്പൻഡറി പരിശീലനം

കേരള കാർഷിക സർവകലാശാല മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. പതിനൊന്നു മാസത്തെ പരിശീലനത്തിനു തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 8000 രൂപ സ്റ്റൈപ്പൻഡ് ലഭിക്കും. എല്ലാ ജില്ലകളിൽ നിന്നുമായി 28 പേരെയാണ് തെരെഞ്ഞെടുക്കുക. ഓട്ടോമൊബൈൽ എഞ്ചീനീയറിംഗ്, അഗ്രികൾച്ചറൽ മെഷിനറി മെക്കാനിക്ക്, ട്രാക്ടർ മെക്കാനിക്ക്, ഫാം പവർ മെഷിനറി, ഡീസൽ മെക്കാനിക്ക് തുടങ്ങിയ വിഷയങ്ങളിൽ രണ്ട് വർഷത്തെ ഐ.റ്റി.ഐ/വി.എച്ച്.എസ്.സി കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 35 വയസ്സ്. ഫോട്ടോ പതിച്ച് പേരും മേൽവിലാസവും യോഗ്യതയും മൊബൈൽ നമ്പരും രേഖപ്പെടുത്തിയ അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾക്കൊപ്പം ഒക്ടോബർ 20-ന് മുൻപ് പ്രൊഫസർ ആൻഡ് ഹെഡ്, കാർഷിക ഗവേഷണകേന്ദ്രം, മണ്ണുത്തി 680651 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് 8330870726 എന്ന നമ്പരിൽ ബന്ധപ്പെടുക.